പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1785 12.06.19 ൽ മറുപടിയ്ക്ക്

**പുതു തലമുറ ബൈക്കുകൾ റോഡിലുണ്ടാക്കുന്ന അപകടങ്ങൾ**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പുതുതലമുറ ബൈക്കുകൾ റോഡിലുണ്ടാക്കുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | മറ്റ് വാഹനങ്ങളെപ്പോലെ ബൈക്കുകളും റോഡപകടങ്ങൾക്ക് കാരണമാകുന്നതായും അപകടങ്ങളിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വാഹനങ്ങളുടെ വിൽപ്പന സംസ്ഥാനത്ത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) | ഇത്തരം വാഹനങ്ങൾ നിരോധിക്കുന്നത് സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. |
| (സി) | സാധാരണ മോട്ടോർ ബൈക്കുകൾ രൂപമാറ്റം വരുത്തി കാതടപ്പിക്കുന്ന ശബ്ദത്തിൽ റോഡിലൂടെ പായുന്നതും റൈഡിംഗിനിടയിൽ വെടിപൊട്ടുന്ന ശബ്ദം പുറപ്പെടുവിക്കുന്നതും കർശനമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ? | (സി) | മോട്ടോർ ബൈക്കുകൾ രൂപമാറ്റം വരുത്തി അമിത വേഗതയിലും അമിത ശബ്ദത്തോടുകൂടിയും ഓടിക്കുന്നതിനെതിരെ മോട്ടോർ വാഹന വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. മാർക്കും ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയിലുള്ള 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തിവരുന്നുണ്ട് . കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള 11 ഇന്റർസെപ്റ്ററുകൾ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഉപയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ